I/6131882/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.REV-P1/149/2023-REV

റവന്യൂ (പി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 25-03-2024

## സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനുള്ള ഫാറം 5 അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1)30.04.2020-ലെ REV-P1/55/2020-REV സർക്കുലർ.

2)20.03.2024-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

************************

2008 - ലെ കേരള നെൽവയൽ-തണ്ണിർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം 5-ന്റെ തുടർച്ചയായി നൽകിയിട്ടുള്ള പ്രൊഫോർമ്മയിൽ 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് ശീർഷകത്തിൽ നല്കിയിരിക്കുന്നത്, ' കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട് ' എന്ന് തിരുത്തി വായിക്കേണ്ടതാണെന്നും പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്നും, സൂചന (1) പ്രകാരമുള്ള സർക്കുലറിന്റെ ക്രമ നമ്പർ 3 - ലെ വ്യവസ്ഥയിലൂടെ നിർദേശം നൽകിയിരുന്നു. എന്നാൽ, തുടർന്നും റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രാദേശികതല നിരീക്ഷണ സമിതിയുടെ റപ്പോർട്ട് ആവശ്യപ്പെട്ട് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ടി നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്നും, ഫാറം 5 - ൽ ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി, പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് ആവശ്യപ്പെടരുതെന്നും പകരം കൃഷി ആഫീസറുടെ റിപ്പോർട്ടാണ് ആവശ്യപ്പെടേണ്ടതെന്നുമുള്ള കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഉത്തരവിൻ പ്രകാരം

Signed by
Sujith G R
Date: 31-03-2024 19:20:55
സെക്ഷൻ ഓഫീസർ

അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1) ലാൻഡ് റവന്യൂ കമ്മീഷണർ

2) ജില്ലാ കളക്ടർമാർ

3) റവന്യൂ ഡിവിഷണൽ ഓഫീസർമാർ
4) കൃഷി വകുപ്പ്
5) തദ്ദേശസ്വയംഭരണ വകുപ്പ്
6) വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
7)വെബ് & ന്യൂ മീഡിയ/പ്രസ്സ് റിലീസ്സ് (വിപുലമായ പ്രചാരണത്തിന്)
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു.റവന്യൂ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
3. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി എ-യ്ക്ക്
4. അഡീഷണൽ സെക്രട്ടറിയുടെ പി എ-യ്ക്ക്